"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കണ്ണൂർ ജില്ലയിലെ മാലൂർ ഗവ.ഹയർ സെക്കന്ററി സ്കൂളിൽ വിദ്യാർത്ഥി ഫുട്ബോൾ കളിക്കിടയിൽ സ്കൂൾ മൈതാനത്ത് ഉപയോഗശൂന്യമായി കിടന്നിരുന്ന കിണറ്റിൽ വീണ് മരണപ്പെട്ട സംഭവത്തിൽ ബഹു. സംസ്ഥാന ബാലാവകാശ കമ്മീഷൻ സ്വമേധയാ സ്വീകരിച്ച നടപടി - കമ്മീഷൻ ഉത്തരവിൽ തദ്ദേശ സ്വയംഭരണ വകുപ്പിനെ സംബന്ധിച്ച നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് പൊതു ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

**സ.ഉ.(സാധാ) നം.1840/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 07/10/2020

---

പരാമർശം:- കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ സി.ആർ.എം.പി.നമ്പർ:10413/13/LA2/2018/KeSCPCR തീയതി 18.05.2020 നമ്പർ ഉത്തരവ്

**ഉത്തരവ്**

കണ്ണൂർ ജില്ലയിലെ മാലൂർ ഗവ.ഹയർ സെക്കന്ററി സ്കൂളിലെ വിദ്യാർത്ഥിയായിരുന്ന മാസ്റ്റർ ആദർശ് ഫുട്ബോൾ കളിക്കിടയിൽ സ്കൂൾ മൈതാനത്ത് ഉപയോഗശൂന്യമായി കിടന്നിരുന്ന കിണറ്റിൽ വീണ് മരണപ്പെട്ട സംഭവത്തിൽ ബഹു. സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ സ്വമേധയാ സ്വീകരിച്ച നടപടിയെത്തുടർന്ന് പരാമർശം പ്രകാരം പുറപ്പെടുവിച്ച ഉത്തരവിലെ ശിപാർശകൾ നടപ്പാക്കുന്നത് സംബന്ധിച്ച് ചുവടെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

1.സ്കൂൾ കെട്ടിടങ്ങൾക്കും മറ്റും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകാൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥർ കൃത്യമായും സ്ഥല പരിശോധന നടത്തി റിപ്പോർട്ട് നൽകേണ്ടതാണ്.

2.കാട് പിടിച്ച് വൃത്തിഹീനമായി കിടക്കുന്ന സ്കൂൾ കോമ്പൗണ്ടുകൾ കുടുംബശ്രീ/തൊഴിലുറപ്പ് തൊഴിലാളികൾ എന്നിവരുടെ പങ്കാളിത്തത്തിൽ കൃഷി വകുപ്പിന്റെ സഹകരണത്തോടെ കൃഷിത്തോട്ടങ്ങളാക്കി മാറ്റുകയും, വിദ്യാർത്ഥികളെയും അദ്ധ്യാപകരെയും ഉൾപ്പെടുത്തി പരിപാലിക്കുകയും, ഉല്പാദിപ്പിക്കപ്പെടുന്ന പച്ചക്കറികൾ കുട്ടികൾക്ക് നൽകി വരുന്ന ഉച്ചഭക്ഷണ കറികൾക്കായി ഉപയോഗപ്പെടുത്തുകയും ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

3.സ്കൂൾ ക്യാമ്പസിലുള്ള അപകടകരമായ മരങ്ങൾ മുറിച്ച് മാറ്റുക, ഇലക്ട്രിക്ക് ട്രാൻസ്ഫോർമറിന് ചുറ്റം കമ്പിവേലി കെട്ടുക, ഇലക്ട്രിക് കമ്പികൾ അപകടരഹിതമാണെന്ന് ഉറപ്പ് വരുത്തുക, സ്കൂൾ കോമ്പൗണ്ടിന് ചേർന്നുള്ള ആൾമറയില്ലാത്ത കിണറുകൾക്ക് ആൾമറ കെട്ടുക, കിണറിന് മുകളിൽ കമ്പിവല കെട്ടുക, സ്കൂൾ കോമ്പൗണ്ടിലും പരിസരങ്ങളിലും കുട്ടികൾ നടന്നു പോകുന്ന വഴികളിലുമുള്ള അപകടകരമായേക്കാവുന്ന കടന്നൽ കൂടുകൾ, തേനീച്ച കൂടുകൾ എന്നിവ അടിയന്തിരമായി നശിപ്പിക്കുക തുടങ്ങിയ മുൻകരുതൽ നടപടികൾ സ്കൂളുകൾ തുറക്കുന്നതിന് മുന്നോടിയായി സ്വീകരിക്കാൻ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ബന്ധപ്പെട്ട വകുപ്പ് തലവന്മാർ കർശന നിർദ്ദേശം

നൽകേണ്ടതാണ്.

4.സ്കൂൾ കോമ്പൗണ്ടിലെ വൃത്തിഹീനമായ ക്ലാസ്സ് മുറികളും ശുചിമുറികളും കുട്ടികളുടെ ശാരീരിക-മാനസിക ആരോഗ്യത്തെ ബാധിക്കുമെന്നതിനാൽ സ്കൂളുകളിൽ ആവശ്യമായ ശുചീകരണ പ്രവർത്തനങ്ങൾ കൃത്യതയോടെ നിർവഹിക്കുന്നതിന് ശുചീകരണ തൊഴിലാളികളെ നിയോഗിക്കേണ്ടതാണ്. കുടുംബശ്രീ സംവിധാനങ്ങളുടെ സേവനവും ആവശ്യമെങ്കിൽ ഇക്കാര്യത്തിനായി ഉപയോഗപ്പെടുത്താവുന്നതാണ്.

5.ബഹു.കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ പരാമർശം ഉത്തരവ് ഇപ്രകാരം പാലിച്ചിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ബിജുക്കുട്ടൻ എം എസ്**

**അഡിഷണൽ സെക്രട്ടറി**

പകർപ്പ്:രജിസ്ട്രാർ, കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ (ആവരണക്കത്ത് സഹിതം)

ഗ്രാമ വികസന കമ്മീഷണർ,തിരുവനന്തപുരം

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ചീഫ് എഞ്ചിനിയർ, തദ്ദേശസ്വയംഭരണ വകുപ്പ്

മിഷൻ ഡയറക്ടർ, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ

എല്ലാ നഗരസഭാ അദ്ധ്യക്ഷന്മാർക്കും(നഗരകാര്യ ഡയറക്ടർ മുഖേന)

എല്ലാ ഗ്രാമ/ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിമാർക്കും(പഞ്ചായത്ത് ഡയറക്ടർ മുഖേന)

എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിമാർക്കും (ഗ്രാമ വികസന കമ്മീഷണർ മുഖേന)

പൊതു വിദ്യാഭ്യാസ വകുപ്പ്

പൊതു വിദ്യാഭ്യാസ ഡയറക്ടർ

തദ്ദേശസ്വയംഭരണ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും (ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നതിനായി)
വെബ് & ന്യൂ മീഡിയ( ഐ& പി.ആർ.ഡി)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫോർമേഷൻ കേരള മിഷൻ

കരുതൽ ഫയൽ

Signature valid

Digitally signed by NISAM N
Date: 2020.10.07 14:18:15 IST
Reason: Approved

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ